**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 61** **08-08-2023 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതി എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ ? | (എ) | സംസ്ഥാനത്ത് BPL കുടുംബങ്ങൾക്ക് കെ-ഫോൺ പദ്ധതിയിലൂടെ ഘട്ടം ഘട്ടമായി സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>ഇതിന്റെ ഭാഗമായി പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ തീരുമാനിക്കുകയും കണക്ഷൻ നല്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 2 കോടി രൂപ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ